# പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

## (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

**ജൈവ വൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി,
സപര്യ, ഡി. എം. സി. എന്നീ പദ്ധതികളെ
സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(3)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (3) of the Rules of Procedure and Conduct
of Business in the Kerala Legislative Assembly]

2012 ജൂലൈ 24-ാം തീയതി സമർപ്പിച്ചത്

(Presented on 24th July 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി X

# (SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

**(FOREST, ENVIRONMENT AND TOURISM)**

**ജൈവ വൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ, ഡി. എം. സി. എന്നീ പദ്ധതികളെ സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (3) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1016/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി X

(വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

(2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ,
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ഹൈബി ഈഡൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എൽ. യമുനകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി കെ. രാധാമണി, അണ്ടർ സെക്രട്ടറി.

# അവതാരിക

കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1)-ാം ഉപചട്ടം (v)-ാം ഇനത്തിൽ സൂചിപ്പിച്ചിരിക്കുന്ന സംഗതി കളെ സംബന്ധിച്ച വനം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവയുൾപ്പെട്ട സബ്ജക്ട് കമ്മിറ്റി X-ന്റെ റിപ്പോർട്ട് 239-ാം ചട്ടത്തിന്റെ (3)-ാം ഉപചട്ടമനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെട്ട വനംവകുപ്പിന്റെ പരിധിയിൽ വരുന്ന ജൈവ വൈവിദ്ധ്യസംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, വിനോദസഞ്ചാരവകുപ്പുമായി ബന്ധപ്പെട്ട സപര്യ, ഡി.എം.സി. എന്നീ പദ്ധതികളെക്കുറിച്ച് പഠനം നടത്തണമെന്ന് സമിതി തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 24-1-2012-ൽ സമിതി വനം, ടൂറിസം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരു മായി ചർച്ച നടത്തുകയും ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി പരിശോധിക്കു കയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ വിവരങ്ങളും നിർദ്ദേശങ്ങളും സമിതിയുടെ ശുപാർശകളും ഉൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ 19-7-2012-ലെ യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2012 മേയ് 19.

**കെ. ബി. ഗണേഷ് കുമാർ,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി X.*

# റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (v) പ്രകാരം സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെട്ട വിഷയങ്ങളെക്കുറിച്ച് പഠനം നടത്താവുന്നതാണ്. ഇതനുസരിച്ച് താഴെപ്പറയുന്ന പദ്ധതികളെക്കുറിച്ച് പഠനം നടത്താൻ സമിതി തീരുമാനിച്ചു:

1. ജൈവ വൈവിധ്യ സംരക്ഷണം—വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും, ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ.

2. എക്സ്റ്റൻഷൻ ഫോറസ്ട്രി—1988-ലെ ദേശീയ വനനയം അനുശാസിക്കുന്നത് സാക്ഷാത്കരിക്കുന്നതിനായി വനം മേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ വച്ചുപിടിപ്പിക്കൽ.

3. സപര്യ

4. ഡി. എം. സി. (ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ)

2. മേൽപ്പറഞ്ഞ പദ്ധതികളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച കുറിപ്പുകൾ വനം, ടൂറിസം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചു. സമിതിയുടെ 24-1-2012-ലെ യോഗം വനംവകുപ്പുമായി ബന്ധപ്പെട്ട ജൈവ വൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി എന്നിവയെ സംബന്ധിച്ചും, ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സപര്യ, ഡി.എം.സി. എന്നീ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

### ജൈവ വൈവിധ്യ സംരക്ഷണം

3. സംസ്ഥാനത്തിന്റെ പരിസ്ഥിതി-കാലാവസ്ഥാ ഘടകങ്ങളുടെ സന്തുലനം എന്ന സുപ്രധാന ധർമ്മമാണ് വനങ്ങൾ അനുഷ്ഠിക്കുന്നത്. ശുദ്ധജലത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് മരങ്ങൾ. ഈ മരങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ പരിപാലനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. ഉദ്ദേശം അറുപത്തിയഞ്ചു ലക്ഷം തൊഴിൽ ദിനങ്ങൾ വനസംരക്ഷണ-വികസന-പരിപാലന പ്രവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്നുണ്ട്. വന വിഭവങ്ങളെ അടിസ്ഥാനമാക്കി ചെറുകിട വ്യവസായങ്ങളിലും പരമ്പരാഗത തൊഴിലിലും ഏർപ്പെട്ട് ഉപജീവനം നയിക്കുന്ന ലക്ഷക്കണക്കിന് കുടുംബങ്ങളാണുള്ളത്. എന്നാൽ ഈ വനസമ്പത്തിന്റെ പലഭാഗങ്ങളും ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

4. കാലാകാലങ്ങളിൽ വികസനാവശ്യങ്ങൾക്കായി വനസമ്പത്ത് ചൂഷണം ചെയ്യുകവഴി നമ്മുടെ ജൈവ സമ്പത്തിന് കാതലായ നാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ ജനസംഖ്യാ വർദ്ധനവ്, കയ്യേറ്റങ്ങൾ, ജലവൈദ്യുത പദ്ധതികൾ, വ്യാജവാറ്റ്, അനധികൃത മരംമുറിയും മൃഗവേട്ടയും, അശാസ്ത്രീയമായ തടിയിതര വിഭവ ശേഖരണം എന്നീ ഭീഷണികൾ വനത്തിനകത്തും പുറത്തും കാണപ്പെടുന്ന ജൈവ വൈവിധ്യത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പലയിനം വൃക്ഷലതാദികളും പക്ഷിമൃഗാദികളും വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുകയാണ്.

5. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനും, പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കുക, കണ്ടൽക്കാടുകൾ സംരക്ഷിക്കുക, ദേശാടനപക്ഷികളെ സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ എന്നീ ലക്ഷ്യങ്ങൾ ഉന്നംവച്ചുകൊണ്ടാണ് ജൈവവൈവിധ്യ സംരക്ഷണം എന്ന പദ്ധതി ആവിഷ്ക്കരിച്ചത്. 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 350 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ജനപങ്കാളിത്തത്തോട് വനപ്രദേശത്തിനു പുറത്ത് വന്യജീവി സംരക്ഷണവും ജൈവ സംരക്ഷണവും, ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായുള്ള അന്താരാഷ്ട്ര പ്രോട്ടോക്കോൾ നടപ്പാക്കുക, ജൈവ വൈവിദ്ധ്യത്തിന്റെ വിവരങ്ങൾ അടങ്ങുന്ന ഡാറ്റാബുക്കുകൾ രൂപപ്പെടുത്തുക, ദേശാടന പക്ഷികൾക്ക് വേണ്ടി പ്രാദേശിക അടിസ്ഥാനത്തിൽ പരിപാടികൾക്ക് രൂപം നൽകുക, സംരക്ഷിത മേഖലയിൽ കഞ്ചാവുകൃഷി തടയുക, ആനകളുടെ ആക്രമണത്തിൽ നിന്നും കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകൾ എടുക്കുക, സൗരോർജ്ജ വേലികൾ കെട്ടുക, ജലവിഭവ പരിപാലനം, കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണം എന്നിവയ്ക്കാണ് ഈ തുക ചെലവഴിക്കുന്നത്.

6. വന്യമൃഗസംരക്ഷണ മേഖലകളുടെ എണ്ണവും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിനും ജൈവ വൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനുമായി പുതിയ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ 23 സംരക്ഷിത മേഖലകൾ നിലവിലുണ്ടെന്നും ഒരുചർച്ചയിൽ വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട സംരക്ഷിത മേഖലയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വന്യജീവി സങ്കേതം/ ദേശീയോദ്യാനം | രൂപീകരിച്ച വർഷം | വിസ്തീർണ്ണം (Sq.km.) | ജില്ല |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | **ദേശീയോദ്യാനങ്ങൾ** | | | |
| 1 | ഇരവികുളം ദേശീയോദ്യാനം | 1978 | 97.00 | ഇടുക്കി |
| 2 | സൈലന്റ് വാലി ദേശീയോദ്യാനം | 1980 | 237.52 | പാലക്കാട് |
| 3 | ആനമുടിചോല ദേശീയോദ്യാനം | 2003 | 7.50 | ഇടുക്കി |
| 4 | മതികെട്ടാൻചോല ദേശീയോദ്യാനം | 2003 | 12.82 | ഇടുക്കി |
| 5 | പാമ്പാടുംചോല ദേശീയോദ്യാനം | 2003 | 1.32 | ഇടുക്കി |
| | **വന്യജീവി സങ്കേതങ്ങൾ** | | | |
| 6 | പെരിയാർ കടുവാ സങ്കേതം | 1950 | 925.00 | ഇടുക്കി |
| 7 | വയനാട് വന്യജീവി സങ്കേതം | 1973 | 344.44 | വയനാട് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | പറമ്പിക്കുളം കടുവാ സങ്കേതം | 1973 | 643.66 | പാലക്കാട് |
| 9 | നെയ്യാർ വന്യജീവി സങ്കേതം | 1958 | 128.00 | തിരുവനന്തപുരം |
| 10 | പീച്ചി വാഴാനി വന്യജീവി സങ്കേതം | 1958 | 125.00 | തൃശ്ശൂർ |
| 11 | ശെന്തുരുണി വന്യജീവി സങ്കേതം | 1984 | 171.00 | കൊല്ലം |
| 12 | ചിന്നാർ വന്യജീവി സങ്കേതം | 1984 | 90.44 | ഇടുക്കി |
| 13 | ഇടുക്കി വന്യജീവി സങ്കേതം | 1976 | 70.00 | ഇടുക്കി |
| 14 | ആറളം വന്യജീവി സങ്കേതം | 1984 | 55.00 | കണ്ണൂർ |
| 15 | പേപ്പാറ വന്യജീവി സങ്കേതം | 1983 | 53.00 | തിരുവനന്തപുരം |
| 16 | ചിമ്മിണി വന്യജീവി സങ്കേതം | 1984 | 85.00 | തൃശ്ശൂർ |
| 17 | കുറിഞ്ഞിമല വന്യജീവി സങ്കേതം | 2006 | 32.00 | ഇടുക്കി |
| 18 | മലബാർ വന്യജീവി സങ്കേതം | 2009 | 74.22 | കോഴിക്കോട് |
| 19 | കൊട്ടിയൂർ വന്യജീവി സങ്കേതം | 2011 | 30.38 | കണ്ണൂർ |
| | | പക്ഷി സങ്കേതങ്ങൾ | | |
| 20 | തട്ടേക്കാട് പക്ഷി സങ്കേതം | 1983 | 25.00 | എറണാകുളം |
| 21 | മംഗളവനം പക്ഷി സങ്കേതം | 2004 | 0.03 | എറണാകുളം |
| 22 | ചൂലന്നൂർ മയിൽ സങ്കേതം | 2007 | 3.42 | പാലക്കാട് |
| | | | 3211.75 | |
| | | കമ്മ്യൂണിറ്റി റിസർവ് | | |
| 23 | കടലുണ്ടി-വള്ളിക്കുന്ന് | 2007 | 1.50 | കോഴിക്കോട് & മലപ്പുറം |
| | | ആകെ | 3213.25 | |

7. ജൈവ സമ്പത്തിന്റെ അക്ഷയഖനിയാണ് കണ്ടൽക്കാടുകൾ. ഇവ ഏറ്റവും കൂടതൽ ഉള്ളത് തീരദേശങ്ങളിലാണ്. ഈ കണ്ടൽക്കാടുകൾ ക്രമാതീതമായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതുനശിപ്പിക്കപ്പെടാതെ സംരക്ഷിക്കേണ്ടത് വളരെയധികം ആവശ്യമാണ്. കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിയമം ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയതുപോലെ കേരളത്തിലും കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് നിയമം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**എക്സ്റ്റൻഷൻ ഫോറസ്ട്രി**

8. സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനം വനനിബിഡമാണ്. 1988-ലെ ദേശീയ വന നയം അനുശാസിക്കുംപ്രകാരം മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗത്ത് വൃക്ഷവിന്യാസം ഉണ്ടാകണം. ഇത് സാക്ഷാത്കരിക്കുന്നതിന് വനമേഖലയ്ക്ക് പുറത്ത് വ്യാപകമായി മരങ്ങൾ നടേണ്ടത് അത്യന്താപേക്ഷിതമാണ്. ജനങ്ങളുടെയും സ്കൂൾ കുട്ടികളുടെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളായ എന്റെ മരം, നമ്മുടെ മരം, വഴിയോര തണൽ, ഹരിത തീരം എന്നീ പദ്ധതികൾ ഉൾക്കൊണ്ടാണ് എക്സ്റ്റൻഷൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കിയത്.

9. തദ്ദേശവാസികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഒരു പുതിയ പരിപാടി 2011-12-ൽ ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി റോഡ് സൈഡിൽ വച്ചുപിടിപ്പിച്ചിട്ടുള്ള തൈകൾ ഇലക്ട്രിക് ലൈനിന്റെ താഴെനിന്നും മാറ്റി നടാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ചെടികൾ സംരക്ഷിക്കുന്നതിനുവേണ്ടി എം.എൽ.എ.മാർ മുൻകൈയെടുക്കണമെന്നും സമിതിയുടെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഫലവൃക്ഷ തൈകൾ ജനപങ്കാളിത്തത്തോടെ റോഡിന്റെ ഇരുവശങ്ങളിലും വച്ചുപിടിപ്പി ക്കുന്നത് അഭികാമ്യമായിരിക്കുമെന്നും സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിൽ പൈൻമരം പോലുള്ള ഉയരമുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് നല്ലതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിനായി മഹാഗണി, തേക്ക്, കാറ്റാടി, മാവ്, പ്ലാവ്, പുളി, നെല്ലി, കുടംപുളി, കണിക്കൊന്ന, വേപ്പ് എന്നിവയുടെയും ഔഷധസസ്യങ്ങളുടെയും തൈകൾ പഞ്ചായത്ത്, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, മതസ്ഥാപനങ്ങൾ, സാമൂഹിക-സാംസ്കാരിക സംഘടനകൾ, പൊതുജനങ്ങൾ എന്നിവർ മുഖേന വിതരണം ചെയ്ത് അവ നട്ടുവളർത്തി എക്സ്റ്റൻഷൻ ഫോറസ്ട്രി വിപുലീകരിക്കണമെന്ന് സമിതി യോഗത്തിൽ വിലയിരുത്തുകയുണ്ടായി. വനത്തിനകത്ത് ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കു ന്നത് വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നത് തടയുന്നതിന് അഭികാമ്യമായിരിക്കു മെന്നും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി തടയണകൾ കെട്ടുന്നതും നന്നായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

10. ആയതിനാൽ റോഡിന്റെ ഇരുവശങ്ങളിലും ജനപങ്കാളിത്തത്തോടെ ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കണമെന്നും വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങു ന്നത് തടയുന്നതിനായി ഫലവൃക്ഷ തൈകൾ കാട്ടിനുള്ളിൽ നട്ടുപിടിപ്പിക്കണമെന്നും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി തടയണകൾ കെട്ടണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. 'ഫോറസ്റ്റ് ടൂറിസം' ഡെവലപ്പ് ചെയ്യുന്നതിനായി കേന്ദ്രഗവൺമെന്റിൽ നിന്ന് ഫണ്ട് ആവശ്യപ്പെടണമെന്നും വന്യജീവികൾക്ക് തടസ്സമുണ്ടാകാതെ ടൂറിസ്റ്റുകൾക്ക് ആസ്വദിക്കാൻ പറ്റുന്ന സ്ഥലങ്ങൾ വനാതിർത്തികളിൽ കണ്ടുപിടിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ തേക്കടിയിൽ കമ്പ്യൂട്ടറൈസ്ഡ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഫോറസ്റ്റ് ടൂറിസം എന്ന സങ്കല്പത്തിലൂടെ പ്രകൃതി സ്നേഹം വളർത്തുവാൻ ഉദ്ദേശിക്കുന്നതായും സമിതി വിലയിരുത്തി.

12. തിരുവനന്തപുരത്തുള്ള ലയൺ സഫാരി പാർക്ക്, ക്രോക്കോഡൈൽ പാർക്ക് എന്നിവയ്ക്ക് ജനശ്രദ്ധ ആകർഷിക്കുന്നതിനായി പ്രചരണം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും, പാലക്കാടുള്ള സ്നേക്ക് പാർക്ക്, നിലമ്പൂരിലെ തേക്ക് മ്യൂസിയം, തട്ടേക്കാട് പക്ഷി സങ്കേതം, പറമ്പിക്കുളം എന്നിവ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തണമെന്നും, ടൂറിസം വകുപ്പും വനം വകുപ്പും ചേർന്ന് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെക്കൊണ്ട് ഇതിനുള്ള നടപടിയെടുപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. കേരളത്തിൽ ഏറ്റവും കൂടുതൽ ആനയും കടുവയുമുള്ള സ്ഥലമായ പച്ചക്കാനവും തേക്കടിയും സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ആനസവാരിക്കുള്ള സൗകര്യമൊരുക്കുന്നതോടൊപ്പം ആനയുടെ വേസ്റ്റിൽ നിന്ന് ബയോഗ്യാസ്, ബ്രൗൺ പേപ്പർ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം ആനയുടെ വേസ്റ്റിൽ നിന്ന് ബയോഗ്യാസ്, ബ്രൗൺ പേപ്പർ എന്നിവ ഉല്പാദിപ്പിക്കുന്ന പദ്ധതി അടിയന്തിരമായി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ബയോഡൈവേഴ്സിറ്റി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും, എത്ര ശതമാനം വിസ്തൃതി വർദ്ധിച്ചുവെന്നും സമിതി ആരാഞ്ഞതിന് വനം വകുപ്പ് ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി കൺസർവേഷന്റെ ഭാഗമായി മാറുകയാണെന്നും കേരളത്തിലാണ് ഏറ്റവും കൂടുതൽ സംരക്ഷിതമേഖല ഉള്ളതെന്നും സംസ്ഥാനത്തിന്റെ 29%-വും സംരക്ഷിതമേഖല ആണെന്നും ബയോഡൈവേഴ്സിറ്റി ഏരിയ 3% വർദ്ധിച്ചിട്ടുണ്ടെന്നും വനം-വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുത്തതു സംബന്ധിച്ചും സമിതി ചർച്ച ചെയ്യുകയുണ്ടായി.

**സപര്യ**

15. കേരള ടൂറിസം വകുപ്പ് ആവിഷ്കരിച്ച് ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡുവഴി നടപ്പിലാക്കുന്ന ടൂറിസം പദ്ധതിയാണ് സപര്യ. ജനപങ്കാളിത്തത്തോടെ ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിനായി ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ആദ്യത്തെ സംരംഭമാണ് സപര്യ. പ്രാദേശിക വികസനത്തിനും, തദ്ദേശീയരുടെ സാമ്പത്തിക വികസനത്തിനും ടൂറിസത്തെ വിനിയോഗിക്കുന്നവഴി വികേന്ദ്രീകൃത ജനകീയ ടൂറിസം വികസിപ്പിക്കുകയാണ് ഈ പദ്ധതി.

16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക സന്നദ്ധ സംഘടനകൾ, മറ്റ് തദ്ദേശവാസികൾ എന്നിവരെ പങ്കെടുപ്പിച്ചുള്ള ബോധവൽക്കരണം പ്രാദേശികതല പഠനങ്ങളും പ്രദേശത്തെ വിഭവങ്ങളുടെ വിവരശേഖരണം, പ്രദേശത്തെ ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളെ, കണ്ടെത്തിയ പദ്ധതികൾക്ക് ആവശ്യകത അനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുക, അവയ്ക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ തദ്ദേശസ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, മറ്റ് ഏജൻസികൾ,

പൊതു സ്വകാര്യ പങ്കാളിത്തങ്ങൾ എന്നിവയിൽ നിന്നും കണ്ടെത്തുക, പദ്ധതി പ്രദേശത്തെ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കുവാൻ ആവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും വികസന പ്രക്രിയയ്ക്ക് തുടക്കം കുറിക്കുകയും ചെയ്യുക എന്നിവയാണ് പ്രധാന ഘടകങ്ങൾ.

17. സപര്യയുമായി ബന്ധപ്പെടുത്തി നാല് പൈലറ്റ് പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കോട്ടയം, പത്തനംതിട്ട, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളാണ് സപര്യ പൈലറ്റ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രദേശത്തിന്റെ വിനോദസഞ്ചാര പ്രാധാന്യം, പ്രദേശത്ത് കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ, വിനോദസഞ്ചാര വികസനത്തിൽ മുൻപന്തിയിൽ അല്ലാത്തതും എന്നാൽ ഒന്നിലധികം വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉള്ളതുമായ പ്രദേശങ്ങൾ എന്നിവ പരിഗണിച്ചാണ് പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്.

18. മീൻകുന്ന് ബീച്ചിനും തലശ്ശേരിക്കും ഇടയിലുള്ള കണ്ണൂർ, തലശ്ശേരി മുൻസിപ്പാലിറ്റികളും അഴിക്കോട്, പള്ളിക്കുന്ന്, എടക്കാട്, മുഴുപ്പിലങ്ങാട്, ധർമ്മടം പഞ്ചായത്തുകളും പത്തനംതിട്ട ജില്ലയിലെ കോന്നി, ആറന്മുള, കടമ്മനിട്ട എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന മുൻസിപ്പാലിറ്റിയും കോന്നി, മലയാലപ്പുഴ, മൈലപ്ര, എലന്തൂർ, നാരങ്ങാനം, മുല്ലപ്പുഴശ്ശേരി, കോഴഞ്ചേരി, തോട്ടപ്പുഴശ്ശേരി, കോയിപ്രം, ആറന്മുള പഞ്ചായത്തുകളും കാസറഗോഡ് ജില്ലയിലെ കാസറഗോഡ്-ബേക്കൽ-വലിയപറമ്പ വരെയുള്ള 11 പഞ്ചായത്തുകളും കോട്ടയം ജില്ലയിലെ കുമരകവും പരിസരപ്രദേശങ്ങളിലെ 6 തദ്ദേശസ്വയംഭരണ പ്രദേശങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു.

19. ടൂറിസവുമായി ബന്ധമില്ലാത്ത പഞ്ചായത്തുകളുടെ ആവശ്യങ്ങൾക്കായി ടൂറിസത്തിൽ നിന്നും ഫണ്ട് കൊടുക്കുന്നത് ആ പഞ്ചായത്തുകൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടൂറിസവുമായി ബന്ധമില്ലാത്ത പഞ്ചായത്തുകളുടെ ആവശ്യങ്ങൾക്കായി ടൂറിസത്തിൽ നിന്ന് ഫണ്ട് നൽകരുതെന്നും പ്രസ്തുത ഫണ്ടുപയോഗിച്ച് നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളെ ശക്തിപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. മൂന്നാറിൽ 10 ഏക്കർ സ്ഥലം എടുത്ത് ഒരു ബൊട്ടാണിക്കൽ ഗാർഡൻ ഉണ്ടാക്കണമെന്നും കൂടാതെ വാഗമണ്ണിൽ ഒരു ഓർക്കിഡ് പൂന്തോട്ടം പാക്കേജിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. പിൽഗ്രിം ടൂറിസം വികസനത്തിന്റെ ഭാഗമായി ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകരുടെ വിശ്രമകേന്ദ്രത്തിനുവേണ്ടിയുള്ള പ്രോജക്ട് സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്നത് സംബന്ധിച്ചും വർക്കലയിലെ ടൂറിസം സാദ്ധ്യതകൾ എങ്ങനെ ഇല്ലാതായി എന്നത് സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തി.

**ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ**

21. ടൂറിസം കേന്ദ്രങ്ങളിൽ പൂർത്തീകരിക്കുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനും പരിപാലിക്കുന്നതിനും ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യം, സുരക്ഷ സംരക്ഷണം, പുതിയ പദ്ധതികൾ, അവിടെയുണ്ടാകുന്ന അനധികൃത കയ്യേറ്റം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിനും വേണ്ടിയാണ് 2008 ഡിസംബറിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചത്.

22. അതാത് ഡെസ്റ്റിനേഷനുകൾ ഉൾപ്പെടുന്ന സ്ഥലത്തെ ചെയർമാനും പഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനും, ഡി.റ്റി.പി.സി. സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും, ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമപഞ്ചായത്ത് മെമ്പർ, ഡി.റ്റി.പി.സി. മെമ്പേഴ്സ് തുടങ്ങിയവർ അംഗങ്ങളാണെന്നും കൂടാതെ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ, പി.ഡബ്ല്യു.ഡി. (റോഡ്സ് & ബിൽഡിംഗ്സ്), വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, കുടുംബശ്രീയുടെ പ്രതിനിധികൾ, ടൂറിസം മേഖലയിലെ അഞ്ച് നോമിനികൾ, ഗവൺമെന്റിന്റെ മൂന്ന് നോമിനികൾ എന്നിവരും ഉൾപ്പെട്ടതാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, തൃശ്ശൂർ, കാസറഗോഡ് എന്നിവിടങ്ങളിലായി ആകെ 43 ഡെസ്റ്റിനേഷൻ മാനേജ്മെന്റുകൾ രൂപീകരിച്ചിട്ടുണ്ട്:

നിലവിലുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | നെയ്യാർ ഡാം, ശംഖുമുഖം, വേളി |
| കൊല്ലം | - | ആശ്രാമം, അഷ്ടമുടി |
| ഇടുക്കി | - | വാഗമൺ, രാമക്കൽമേട് |
| ആലപ്പുഴ | - | അരൂർ, കുട്ടനാട്, പാതിരാമണൽ |
| കോട്ടയം | - | വൈക്കം |
| എറണാകുളം | - | കാലടി, കടപ്രയാർ, ഭൂതത്താൻകെട്ട് |
| തൃശൂർ | - | ഗുരുവായൂർ, വാഴാനി, പീച്ചി, തളിക്കുളം, അഴിക്കോട്-മുനയ്ക്കൽ ബീച്ച്, ആതിരപ്പിള്ളി, വാഴച്ചാൽ-തുമ്പൂർമൂഴി |
| പാലക്കാട് | - | മലമ്പുഴ, മംഗലം ഡാം |
| മലപ്പുറം | - | നിള |
| കോഴിക്കോട് | - | ഇരിങ്ങൽ, കാപ്പാട്, തുഷാരഗിരി, ബേപ്പൂർ, പെരുവണ്ണാമൂഴി, സരോവരം ബയോപാർക്ക്, കടലുണ്ടി |
| വയനാട് | - | കുറുവാദ്വീപ്, തിരുനെല്ലി, എടയ്ക്കൽ |
| കണ്ണൂർ | - | മുഴുപ്പിലങ്ങാട്, തലശ്ശേരി, പറശ്ശിനിക്കടവ്, പൈതൽമല, മീൻകുന്ന് ബീച്ച്, പഴശ്ശി |
| കാസറഗോഡ് | - | ബേക്കൽ, റാണിപുരം |

23. ടൂറിസം മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സമിതി ചർച്ച ചെയ്യുകയുണ്ടായി. കോവളം, വർക്കല, ആലപ്പുഴ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. കോവളത്ത് നായശല്യം നിയന്ത്രിക്കുന്നതിനും യാചകർ, സ്ട്രീറ്റ് വെൻഡേഴ്സ് എന്നിവരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

24. വിദേശ ടൂറിസ്റ്റുകൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾ ടൂറിസത്തെ ബാധിക്കാതിരിക്കാൻ വർക്കലയിലും ആലപ്പുഴയിലും ടൂറിസ്റ്റ് ഗൈഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും, അംഗീകാരമുള്ള ഗൈഡുകളുടെ വിശദവിവരങ്ങൾ എഴുതി പ്രദർശിപ്പിക്കണമെന്നും, കൂടാതെ ഹോട്ടൽ മുറികൾ, ഹോംസ്റ്റേകൾ എന്നിവയുടെ നിരക്ക് എഴുതി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

കെ. ബി. ഗണേഷ് കുമാർ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

2012 ജൂലായ് 19.